
നീഹാരം
ചെറുപുഷ്പം ജി എച്ച് എസ് എസ്
വടക്കഞ്ചേരി പാലക്കാട്, പിൻ-678683

കേരളാ ഇൻഫ്രാസട്രക്ച്ചർ ആൻഡ്
ടെക്നോളജി ഫോർ എഡ്യൂക്കേഷൻ




# വിജ്ഞാന ഗോപുരമായ വിദ്യാ ക്ഷേത്രത്തിന് നിറമനസ്സോടെ നമസ്കാരം....!

# ഞങ്ങളുടെ ലക്ഷ്യം - സ്നേഹത്തിലൂന്നിയ സേവനം

# വിശുദ്ധ കൊച്ചു ത്രേസ്യ



**ഞങ്ങളുടെ വിദ്യാലയത്തിലേക്ക് അനുഗ്രഹത്തിന്റെ സ്വർഗീയ സുമങ്ങൾ വർഷിക്കുന്ന സ്നേഹ സൂനം........**



# പ്രധാനാധ്യാപികയും കൈറ്റ് മിസ്ട്രസുമാർക്കുമൊപ്പം ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

# വഴിവിളക്കുകൾ.......



സി ആർഷ
എച്ച് എസ് ടി മലയാളം
(കൈറ്റ് മിസ്ട്രസ്സ്)
സി ജി എച്ച് എസ് എസ്
വടക്കഞ്ചേരി

ശ്രീമതി ഷീജ റോബർട്ട്
എച്ച് എസ് ടി ഇംഗ്ലീഷ്
(കൈറ്റ് മിസ്ട്രസ്സ്)
സി ജി എച്ച് എസ് എസ്
വടക്കഞ്ചേരി



# ഇ-മാഗസിൻ എഡിറ്റോറിയൽ ബോർഡ്

# മുഖമൊഴി

പുലരിയിലും സന്ധ്യയിലും ഗിരിശൃംഗങ്ങളുടെ ഉന്നതവിതാനങ്ങളെ തൊട്ടുതലോടി നിൽക്കുന്ന 'നീഹാര' ബിന്ദുക്കൾ...താഴ്‌വാരങ്ങളെ സ്പർശിച്ചുകൊണ്ട് യാത്ര തുടരുന്നു. പുലരിമഞ്ഞിന്റെ തീക്ഷ്ണശരങ്ങളേൽക്കുമ്പോൾ അതിന്റെ ജീവിതം അവസാനിക്കുന്നു. ഹ്രസ്വ[1]മെങ്കിലും ഒരായിരം മനസ്സുകൾക്ക് കുളിർമയും പ്രചോദനവും പകർന്ന് കടന്നുപോകുന്നു. ഒരു വിശുദ്ധജന്മമാകാനുള്ളക്ഷണം ഓരോ 'നീഹാര' ബിന്ദുവും ഹൃദയത്തിലവശേഷിപ്പിക്കുന്നു.

സുതാര്യമായൊരു 'നീഹാര'ത്തിനുമാത്രമേ മഴവില്ലാകാൻ കഴിയൂ...ഓരോ 'നീഹാര'ബിന്ദുവിലും ഈ പ്രപഞ്ചത്തെ മുഴുവൻ കാണാനാകും. രാത്രിയുടെ സുഹൃത്താണ് 'നീഹാരം'! മഞ്ഞുള്ളരാവിൽ പുതച്ചുറങ്ങുക എന്നത് ഏതൊരു മനുഷ്യന്റെയും ഹരമാണ്. പുൽനാമ്പുകൾക്ക് ജീവദായിനിയായ 'നീഹാരം' ആകാശം തരുന്നസ്വപ്നംകൂടിയാണ്. പ്രകൃതിയുടെ വിശുദ്ധിയെ

1 കുറിയത്

തൊട്ടുണർത്തുന്ന പ്രഭാതാനുഭവങ്ങളിൽ നിന്നു ആരെയും ആകർഷിക്കുന്ന 'നീഹാര'ത്തിന്റെ വിശുദ്ധി ആവാഹിക്കുവാൻ ലിറ്റിൽ കൈറ്റ്സൊരുക്കുന്ന 'നീഹാരം' എന്ന ഈ ഡിജിറ്റൽ മാഗസിനിലൂടെ സാധിക്കട്ടെ എന്നാശംസിച്ചുകൊണ്ട് സാദരം നിങ്ങൾക്കായി സമർപ്പിക്കുന്നു...!



# ആശംസ



ചിന്തയും ഭാവനയും സാങ്കേതികതയുടെ ചിറകിലേറി പ്രയാണം ആരംഭിക്കുന്നു. മഴവില്ലിന്റെ ശോഭവിരിയുന്ന ചക്രവാളങ്ങൾ അവ രൂപപ്പെടുത്തുന്നു. ചെറുപുഷ്പം സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾരൂപപ്പെടുത്തിയ 'നീഹാരം' എല്ലാം കൊണ്ടും മികവേറിയതാണ്. കൈറ്റ്സ് മിസ്ട്രസ്സുമാരായ സി.ആർഷയുടെയും, ശ്രീമതി ഷീജ റോബർട്ടിന്റെയും നേതൃത്വം വിദ്യാർത്ഥികളിൽ സാങ്കേതിക വിദ്യയുടെ നവീന ചക്രവാളം തുറന്നിരിക്കുന്നു എന്നത് ഈ മാഗസിനിൽ നിന്നും സ്പഷ്ടമാണ്. വായനയുടെ... വരയുടെ... വർണത്തിന്റെ... വൈവിധ്യമേറിയ സൃഷ്ടികളിലേക്ക്... ആസ്വാദനമികവോടെ നമുക്ക് മുന്നേറാം. ഒരു കോടി അഭിനന്ദനങ്ങൾ !!!!

# ആശംസ



വിവരസാങ്കേതിക വിദ്യയിൽ നവചലനങ്ങൾ സംഭവിച്ചു കൊണ്ടിരിക്കുന്ന ഈ ഉത്തരാധുനികയുഗത്തിൽ, സാങ്കേതിക വിദ്യയിൽ മികവ് തെളിയിച്ച് പുതുവഴികൾ വെട്ടത്തുറന്ന് വിദ്യാലയത്തിന്റെ യശസ്സിനെ വാനോളമുയർത്തി മുന്നേറുന്ന എല്ലാ ലിറ്റിൽ കൈറ്റംഗങ്ങൾക്കും ഹൃദയം നിറഞ്ഞ അഭിവാദ്യങ്ങൾ! വിദ്യാഭ്യാസരംഗത്ത് പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന നമ്മുടെ സംസ്ഥാനത്തിൽ ലിറ്റിൽ കൈറ്റ്സ്-ഐ.ടിക്ലബ്ബ് കാഴ്ചവയ്ക്കുന്ന എല്ലാ നവസംരംഭങ്ങൾക്കും, വിശിഷ്യാ ഈ വർഷം ഒൻപതാം തരത്തിൽ പഠിക്കുന്ന ലിറ്റിൽകൈറ്റംഗങ്ങൾ പുറത്തിറക്കുന്ന 'നീഹാരം' എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ പിന്തുണയും വിജയാശംസകളും നേരുന്നു.....!

# ജോതീർഗോളമായ് ജ്വലിച്ചുനിൽക്കുന്ന ഗുരുചരണങ്ങളിൽ പ്രണാമം...!!!



# അകംപൊരുൾ


കാഴ്ച്ചകൾ......16

ജാക്ഫ്രൂട്ട്നട്ട്......19

ജാലകം......21

മരിക്കുന്ന പുഴ......22

എന്റെ സ്കൂൾ......24

പഞ്ചരത്നം......25

അമ്പിളി......28

കടങ്കഥ......29

അമ്മ......30

ഹരിത വിദ്യാലയം വിദ്യാഭ്യാസ......31

റിയാലിറ്റിഷോ-സീസൺ-3 ഫ്ലോർ......31

ഷൂട്ടിംഗ് ദൃശ്യങ്ങൾ......31

പരിശ്രമം......32

ചെയ്യുകിലെന്തിനേയും......32

മാനം തെളിഞ്ഞേ......35

പ്രകൃതിയാം അമ്മ......36

സ്വപ്നങ്ങൾ......38

സമയം-മനുഷ്യ ജിവിതത്തിൽ......39

കറുത്ത വല......41

നിലാവ്......44

പ്രളയത്തിൽ നിന്നും ഉണർന്നു വന്ന എന്റെ കേരളം......45

യൂണിഫോം-ആൺകുട്ടികളും പെൺകുട്ടികളും......46

പഞ്ചാരപപ്പടം......50

അമ്മ നാടിൻ സ്വാതന്ത്ര്യം......51

ഐടി മേളയിലും,......53

ജില്ലാകലോത്സവത്തിലും ജേതാക്കളായ ചെറുപുഷ്പം ഹൈസ്കൂൾ ടീം......53

പാലക്കാട് എന്നുടെ സ്വന്തം നാട്......57

പ്രതീക്ഷകളാണ് ജീവിതത്തിന്റെ ചാലക ശക്തി......58

എന്റെ മനോഹരമായ പൂന്തോട്ടം......62

ലിറ്റിൽ കൈറ്റ്സ്......63

വായനയുടെ പ്രാധാന്യം......66

എന്റെ ഒരു നള്ള് ആകാശം....68
അമ്മ....70
ദാരിദ്ര്യത്തിന്റെ നോവ്....72
ഗൈഡ്സ്....74
പുതിയ നിറങ്ങൾ....75
നിന്നിലെ നീയായി....76
മലയാളം പഴഞ്ചൊല്ലുകൾ....77
കാലം....78
മഴക്കാലം....80
ജൂനിയർ റെഡ് ക്രോസ്സ്....81
കഠിനാധ്വാനം ജീവിതത്തിൽ വിജയം കൈവരിക്കുന്നു....82
എൻ സ്വപ്നലോകം....84
ഭൂതകാലം....87
കുസൃതി ചോദ്യങ്ങൾ....89
കമ്പ്യൂട്ടർ എന്ന ബുദ്ധിമാൻ....90
വഴിവിളക്ക്....91
വരകൾ....വർണങ്ങൾ....92
നിറമനസ്സോടെ....95

# കാഴ്ച്ചകൾ

ഒരാഴ്ചത്തെ അവധി കഴിഞ്ഞ് സ്കൂളിൽ പോകുന്നതിന്റെ ഒരുമടിയൊക്കെയുണ്ട്. തലേന്ന് രാത്രി പെയ്ത മഴയുടെ ചെറിയതണുപ്പും. "സമയമായി വേഗം വരു" അമ്മ ധൃതിപിടിക്കുന്നു. ഭക്ഷണം വേഗം കഴിച്ച് ഞങ്ങൾ ഇറങ്ങി. വഴിയരികിലെ കാഴ്ച്ചകളിൽ അധികം ശ്രദ്ധകൊടുത്തില്ല. ക്ലാസിലെത്തിയപ്പോൾ എല്ലാവരുടെയും ചർച്ചാവിഷയം തലേന്നുണ്ടായ വാഹനാപകടത്തെ കുറിച്ചായിരുന്നു. അപകടത്തിൽ കുറെ പേർ മരണപ്പെട്ടു. രാത്രിയിലെ മഴയത്ത് രണ്ടു ബസുകൾ കൂട്ടിയിടിച്ച് ഒൻപതു പേരാണ് മരിച്ചത്. വാഹനങ്ങളുടെ അമിതവേഗതയും ഡ്രൈവറുടെ ഒരു നിമിഷനേരത്തെ അശ്രദ്ധയും കൊണ്ട് പൊലിഞ്ഞുപോയതു ഒൻപതു കുടുംബങ്ങളുടെ പ്രതീക്ഷകളാണ്. വാഹനം മറിഞ്ഞു വീണതും റോഡിൽ തളം കെട്ടികിടന്ന രക്തവും സീറ്റിനടിയിൽ നിന്നും ആളുകളെ വലിച്ചെടുത്തതും അങ്ങനെ എന്തൊ

ക്കെയൊ കുട്ടികൾ പറയുന്നുണ്ടായിരുന്നു. ഒരു വ്യക്തി യുടെ ശ്രദ്ധയില്ലായ്മമൂലം എത്ര ജീവനുകൾ പോയി, എത്ര മാതാപിതാക്കൾ മാനസികമായി തളർന്നു പോയി, എല്ലാം സംഭവിച്ചുകഴിഞ്ഞിട്ട് ഇനി ആരോടു പറ ഞ്ഞിട്ടെന്തു കാര്യം. ഇനിയൊരിക്കലും ഇങ്ങനെ ഒരു സംഭവം ഉണ്ടാകാതിരിക്കട്ടെ. സർക്കാർ അതിനു വേ ണ്ട നടപടികൾ എടുക്കട്ടെ, നമ്മുക്ക് ദൈവത്തോട് പ്രാർത്ഥിക്കാം'.'ഇന്ന് സ്കൂളില്ലേ, എഴുന്നേൽക്കാറായി ല്ലേ?' അമ്മയുടെ ശബ്ദം കേട്ട് കിടക്കയിൽ ചാടി എഴു ന്നേറ്റിരുന്നു. 'ഹൊ ,ഇത്രനേരം കണ്ടതൊക്കെ സ്വപ്ന മായിരുന്നോ?' ആയിരിക്കട്ടെ അതൊരു ഭയപ്പെടുത്തു ന്ന സ്വപ്നം മാത്രമാവട്ടെ. സത്യമാകല്ലേ ദൈവമേ.' വേഗം അമ്മയുടെ അടുത്തേക്ക് പോയി 'അമ്മേ ഞാ നൊരു ഭയങ്കര സ്വപ്നം കണ്ടുപേടിച്ചു പോയി' പറഞ്ഞു തുടങ്ങും മുമ്പ് ഹാളിലിരുന്നു പത്രം വായിച്ചു കൊണ്ടി രുന്ന അച്ഛൻ പറയുന്നത് കേട്ടു "ഹൈവേയിൽ ബസ്സപകടം വിദ്യാർത്ഥികളടക്കം കുറെപേർ മരണ

പ്പെട്ടു" പെട്ടന്ന് മനസ്സിലൊരു ഭാരം വന്നു വീണതു പോലെ തോന്നി.‘ദൈവമേ അത് സത്യമായിരുന്നോ? ഞങ്ങൾ ചെന്നു പത്രം തുറന്നു നോക്കി, കണ്ണുനനയി ക്കുന്ന വാർത്തകളും ചിത്രങ്ങളുമായിരുന്നു പത്രം നിറ യെ. വാവിട്ടുകരയുന്ന മാതാപിതാക്കളുടെ ചിത്രം ഒരു വശത്ത് അപകടത്തിൽ നിന്നും തലനാരിഴയ്ക്ക് രക്ഷ പ്പെട്ടവർ മറുവശത്ത്. നാലു ദിവസത്തെ പത്രവാർത്ത കൊണ്ടും സമൂഹ്യമാധ്യമങ്ങളിലെ ചർച്ച കൊണ്ടും ഈ വിഷയം അവസാനിപ്പിക്കാതിരിക്കട്ടെ. ഇനിയൊ രിക്കലും ഒരു ജീവനും റോഡിൽ പൊലിയാതിരിക്കട്ടെ. അതിനുവേണ്ടി നമ്മു ടെനിയമവും, നിയമപാലകരും പ്രയത്നിക്കട്ടെ.നിയമം പാലിക്കാനാണ്. ലംഘിക്കാനു ള്ളതല്ല. സമൂഹത്തിലെ ഒരോ വ്യക്തിയും അത് പാലിക്കുകയാണെങ്കിൽ അപ കടങ്ങൾ പൂർണമായും നമുക്ക് ഒഴിവാക്കാനാകും.



ദേവ ഭദ്ര.പി

IX-ബി

# ജാക്ഫ്രൂട്ട്നട്ട്

ഇന്നലെ വരെ

കുപ്പത്തൊട്ടിയിൽ കഴിയാനും

കടയ്ക്കൽ വീണഴുകാനും വിധി!

ഇന്നു സ്ഥിതി മാറി

രാജയോഗം തെളിഞ്ഞു.

അതിജീവനത്തിന്റെ കരുത്തായി

വൈവിധ്യങ്ങളുടെ പ്രതീകമായി

പാവങ്ങളുടെ പ്രതീക്ഷയായി

ഇവിടെയൊരു താരം.

ലോക്ഡൗണിൽ വിലസുന്നിവൻ,

പഠനങ്ങൾ പുറത്തിറങ്ങുമ്പോൾ

വിദേശിക്കിവൻ 'ജാക്ഫ്രൂട്ട് നട്ടാ'യി.

ഷെയ്ക്കും ജാമും അടയും പുട്ടും

പായസവും പുഡിങ്ങും കട്‌ലറ്റും...

വിഭവങ്ങളുടെ മഹാസമൃദ്ധിയിൽ

എതിരില്ലാത്ത ജേതാവായി

ബന്ധനത്തിന്റെ വറുതിച്ചട്ടിയിൽ

അതിജീവനത്തിന്റെ വിസ്മയമായി

അടുക്കളകൾ തോറും ഓടിനടന്ന്

പോഷകക്കലവറയായി

ചക്കക്കുരുവെന്ന മഹാധീരൻ!



സി ആർഷ
(ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്)
എച്ച്.എസ്.ടി.മലയാളം

# ജാലകം

വർണ്ണങ്ങൾ ചാലിച്ചൊരു ജീവിതസന്ധ്യയിൽ
ചായങ്ങൾ എൻ മിഴിനീരിൽ അലിയുന്നു.
വാദ്യങ്ങൾ തൻ താളങ്ങളില്ലാത്ത യാമങ്ങളാം
പനിനീർപ്പൂക്കൾ കൊഴിയുന്നു.
വ്യർത്ഥമായ്തീരും മാരിവില്ലെങ്ങോ
അർത്ഥങ്ങൾ തേടി അലയുന്നു.
ചിറകറ്റു പോയൊരാ പക്ഷിതൻ ഈണങ്ങൾ
മഴയായ് പെയ്തിറങ്ങുന്നു; യാമങ്ങൾ നീങ്ങവേ.....
അകലെയാ പുലരിയും തേടി അലയുമ്പോൾ
പഥികരായ് ഈണങ്ങൾ തെറ്റിയോരീരടികൾ മാത്രം!



രിജിഷ

IX -ഡി

# മരിക്കുന്ന പുഴ

അമ്മു അവധി കാലത്ത് മുത്തശ്ശിയുടെ വീട്ടിൽ പോയി. മുത്തശ്ശി കഥകളെല്ലാം പറഞ്ഞുതരും. അമ്മു മുത്തശ്ശി യോട് പറഞ്ഞു,'ഇപ്പോൾ അവധിക്കാലമല്ലേ, അതു കൊണ്ട് നമ്മുക്ക് പുഴയിൽ കുളിക്കാൻ പോകണം. അ വിടെയാണങ്കിൽ മീനുകളെല്ലാം കൂട്ടത്തോടെ കാലിൽ വന്ന് കൊത്തും, അപ്പോൾ നല്ല കുളിരുകേറും. മുത്തശ്ശി നമ്മുക്ക് അവിടേക്ക് പോകാം.' മുത്തശ്ശി പറഞ്ഞു,'പു ഴയോ ഇപ്പോൾ അവിടെ പോയാൽ നിനക്ക് തരിശ് ഭൂമിയെ കാണാൻ കഴിയൂ.''എന്ത് തരിശ്ഭൂമിയോ?' 'അതെ മോളെ അവിടെ മഴുവൻ മാലിന്യം കൊണ്ട് മൂ ടികിടക്കുകയാ, ചപ്പും ചവറും പ്ലാസ്റ്റിക്കുമെല്ലാം.' 'അ യ്യോ. ഇനിയെന്തുചെയ്യും. ഞാൻ പുഴയിൽ കുളിക്കാം കളിക്കാം എന്നൊക്കെ പ്രതീക്ഷിച്ചു,' 'അമ്മു പണ്ടത്തെ പോലെയൊന്നുമല്ലാ ഇവിടെ, അതൊക്കെ ഒരു കാലം

‘ഇവിടേക്ക വരുന്നതു തന്നെ പുഴയിലും വയലിലും ഒക്കെ കളിക്കാനാണ്. പുഴയില്ലാതായെന്ന് എനിക്ക് വിശ്വസിക്കാൻ കഴിയുന്നില്ല.’ ‘അതെ മോളെ മണൽവാരി പുഴയെ കൊന്നുകളഞ്ഞു ഈ ആർത്തിയുള്ള മനുഷ്യർ. നമ്മൾ ആ പുഴയുടെ ഭംഗി ആസ്വദിച്ചപ്പോൾ മറ്റുചിലർ അതിലെ പണത്തെയാണ് കണ്ടത്. പിന്നീട് അതിൽ മാലിന്യങ്ങൾ നിക്ഷേപിക്കാനും തുടങ്ങി. ഹോ.. എന്തുരസമായിരുന്നു മഴക്കാലത്തെ ഒഴുക്കും, പുഴയുടെ ഭംഗിയും, അതിലെ മീനുമെല്ലാം ഇപ്പോഴും എനിക്ക് അസ്വദിക്കാൻ കഴിയുന്നു.

“അത്യാഗ്രഹം ഉള്ള മനുഷ്യർ ഉള്ളടത്തോളം ഇതെല്ലാം ഓർമ്മകൾ മാത്രം.”



ആയിഷ.എ

IX -ബി

# എന്റെ സ്കൂൾ

നക്ഷത്രങ്ങൾ പലതാണ്
പക്ഷേ
ചന്ദ്രൻ ഒന്നാണ്,
കിരണങ്ങൾ പലതാണ്
പക്ഷേ
സൂര്യൻ ഒന്നാണ്,
സുഹൃത്തുക്കൾ ധാരാളം
പക്ഷേ
ഏറ്റവും നല്ല സുഹൃത്ത് ഒന്നാണ്,
സ്കൂൾ ധാരാളം
പക്ഷേ
എന്റെ സ്കൂളാണ് ഏറ്റവും മികച്ചത്...



നിവേദ സുരേഷ്

IX- ഇ

# പഞ്ചരത്നം

കണ്ണൂർ ജില്ലയിലെ തലശ്ശേരിയിൽ മാധവൻ എന്ന കൂലിപണിക്കാരനും അയാളുടെ കുടുംബവും ജീവിച്ചു. അയാൾക്ക് അഞ്ച് പെൺമക്കളാണ്. മൂത്തയാൾ അശ്വതി വിദ്യാഭ്യാസം കുറവാണേലും ആള് പാവമാണ് പക്ഷേ മുൻകോപക്കാരിയാണ്. രണ്ടാമത്തെയാൾ കാർത്തിക ആള് ആരെയും കണ്ണടച്ച് വിശ്വസിക്കുന്ന സ്വഭാവമാണ്. മൂന്നാമത്തെയാൾ രോഹിണി ആള് പ്രായത്തിനൊത്ത് പക്വതയും സുന്ദരിയുമാണ്. നാലാമത്തെയാൾ ആരതി സ്വാർത്ഥയും ദേഷ്യക്കാരിയും ആണെങ്കിലും പാവമാണ്. പിന്നെ നമ്മുടെ അവസാനത്തെയാൾ മാളവിക ആവളുടെ കാര്യം പറയുകയാണെങ്കിൽ കുറച്ച് സങ്കടമാണ് മാളവികയെ പ്രസവിച്ചപ്പോഴാണ് അവരുടെ അമ്മ സീത മരിച്ചത്. അമ്മയെക്കൊന്ന കുട്ടി എന്ന് അവളെ ആദ്യമെല്ലാം എല്ലാവരും വിളിച്ചിരുന്നു. ഇവർ നാട്ടിൽ പഞ്ചരത്നങ്ങൾ എന്നാണ് അറിയപ്പെട്ടിരുന്നത്.

അങ്ങനെ ഒരു ദിവസം വീട്ടുപണിക്ക് പോയ മാധവൻ മുകളിലത്തേ നിലയിൽ നിന്ന് കാല് തെന്നി വീണു. ഒരു കാൽ ഒടിഞ്ഞു, ശരീരത്ത് ചെറിയ മുറിവുകൾ, രണ്ട് മാസത്തെ വിശ്രമം വേണമെന്നാണ് ഡോക്ടർ പറഞ്ഞത്. മാധവന്റെ കൂലി കൊണ്ടാണ് ആ കുടുംബം കഴിഞ്ഞുപോവുന്നത്. രണ്ട് മാസം മാധവൻ ജോലിക്കു പോവാതെ ഇരുന്നാൽ ആ കുടുംബം പട്ടിണിയിലാവും. അങ്ങനെ മൂത്തമോൾ അശ്വതി ജോലിക്കു പോവാൻ തീരുമാനിച്ചു. അവൾക്ക് കിട്ടുന്ന കൂലികൊണ്ടെങ്കിലും ആ കുടുംബത്തിന്റെ പട്ടിണി മാറ്റാൻ കഴിയും എന്ന് കരുതിക്കൊണ്ട് അവൾ പോവാൻ തീരുമാനിച്ചത്. അങ്ങനെ ഇരിക്കേ ഒരു ദിവസം മാധവന് ഒരു നെഞ്ചുവേദന വന്നു. അങ്ങനെ ആശുപത്രിയിലേക്ക് കൊണ്ടു പോകുന്നതിനിടയിൽ മാധവൻ മക്കളെ വിട്ട് പോയി. അച്ഛന്റെ മരണം ആ പഞ്ചരത്നങ്ങൾക്ക് താങ്ങാനാവാത്ത ഒരു വേദനയായിരുന്നു. അച്ഛന്റെ മരണത്തിനു ശേഷം അവർ ഒറ്റയ്ക്കായി. ബന്ധുക്കൾ എന്ന് പറയാനായി അവർക്ക് അങ്ങനെ ആരും ഇല്ല. ഇവരുടെ കഷ്ടപാടുകൾ എല്ലാം

അയൽവാസിയായ രാമൻ ചേട്ടൻ കാണുന്നുണ്ടായിരുന്നു. രാമൻ ചേട്ടൻ കളക്ടർക്ക് ഇവരുടെ കാര്യം അറിയിച്ച് ഒരു കത്ത് അയച്ചു. കളക്ടർ ഇത് അറിഞ്ഞ് പഞ്ചരത്നങ്ങളുടെ വീട് സന്ദർശിച്ചു. അവരുടെ കഷ്ടപ്പാടുകൾ കേട്ട് കളക്ടർക്ക് സഹതാപം തോന്നി. കളക്ടർ ഇവരുടെ കാര്യങ്ങൾ നോക്കാം എന്ന് ഉറപ്പുനൽകി. അങ്ങനെ രോഹിണിക്കും ആരതിക്കും മാളവികയ്ക്കും അവരുടെ യോഗ്യത അനുസരിച്ച് ജോലി ശരിയാക്കികൊടുത്തു. അവരുടെ കുടുംബം സന്തോഷത്തോടെമുന്നോട്ടു പോയി .



നിവേദ്യ.എം.സി

IX- ഇ

# അമ്പിളി

മാനവർ ചന്ദ്രനിൽ പോയതിൻ ഓർമ്മക്കായ്
ആചരിച്ചീടുന്ന ചാന്ദ്രദിനം.....
അപ്പോളോ 11 ൽ ആംസ്ട്രോങ്ങും കോളിൻസും
ആൽഡ്രിനും പോയല്ലോ അമ്പിളിയിൽ....
ശബ്ദ തരംഗം ചലിക്കില്ല ചന്ദ്രനിൽ
കാറ്റുമില്ലല്ലോ അമ്പിളിയിൽ....
പകൽ കൊടും ചൂടും രാത്രി തണുപ്പും
ആണെന്നറിയാമോ കൂട്ടരെ....
വിസ്മയ ചന്ദ്രന്റെ അത്ഭുതകാഴ്ച്ചകൾ
പലതുണ്ടിനിയും അറിയുവാനായ്....
പുതിയൊരു ചാന്ദ്രദിനത്തിലറിഞ്ഞിടാം
നിലാവുതൻ കൗതുക ലോകത്തെ....!



നിവേദ്യ.വി
VIII– ഡി

# കടങ്കഥ

- ഒരു തൊഴുത്തിൽ 32 വെള്ളക്കാള.

  ഉ. പല്ല്

- ഒരമ്മയുടെ മക്കളെല്ലാം കറുത്തപട്ടാളം.

  ഉ.കട്ടുറുമ്പ്

- അടിയില്ലാത്ത ഭരണി.

  ഉ. കിണർ

- അടുക്കളയിലെ അമ്മായിയമ്മ.

  ഉ. പൂച്ച

- ഉടൽ പക്ഷി,തല ചെന്നായ്,തലകീഴായ് ജീവിതം.

  ഉ. വവ്വാൽ



ശിശിര.എസ്

IX– ഇ

# അമ്മ

സ്നേഹം തന്നത് നീയാണ്,

സ്നേഹം പഠിപ്പിച്ചതും നീയാണ്.

വർണ്ണലോകം തുറന്നതും നീയാണ്,

ജീവിതം വർണ്ണമാക്കിയതും നീയാണ്.

തെറ്റുകൾ തിരുത്തിയതും നീയാണ്,

പിണക്കങ്ങൾ ഇണക്കങ്ങളാക്കിയത് നീയാണ്.

വീഴ്ചയിൽ കൈത്താങ്ങ് തന്നതും നീയാണ്,

ദുഃഖങ്ങൾ മാറ്റിയതും നീയാണ്....

അക്ഷരലോകം തുറന്നതും നീയാണ്,

അന്നം ഊട്ടിയതും നീയാണ്.

അമ്പിളിയെ പിടിച്ചതും നീയാണ്,

കുസൃതിക്ക് കൂട്ടുകാരിയും നീയാണ്....



വിജയത്തിന്റെ പോരാളി നീയാണ്,

വാത്സല്യ നിധിയും നീയാണ്.

എന്റെ ദൈവം നീയാണ്,

അമ്മ അത് നീയാണ്...

ഫിദ ഫാത്തിമ. എൻ.എസ്

IX– ഇ

# ഹരിത വിദ്യാലയം വിദ്യാഭ്യാസ റിയാലിറ്റിഷോ-സീസൺ-3 ഫ്ലോർ ഷൂട്ടിംഗ് ദൃശ്യങ്ങൾ.....








ഹരിത വിദ്യാലയം റിയാലിറ്റിഷോയിൽ തിളങ്ങി ചെറുപുഷ്പം ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർഥിനികൾ

# പരിശ്രമം ചെയ്യുകിലെന്തിനേയും

എന്നത്തേയും പോലെ അമ്മയുടെ വിളികേട്ടാണ് അവൾ ഉണർന്നത്. അച്ഛൻ പാടത്തേക്ക് പോവാൻ ഒരുങ്ങുകയായിരുന്നു. അപമാനങ്ങൾ സഹിച്ച് മടുത്തതിനാൽ അവൾക്ക് സ്കൂളിൽ പോവാൻ താൽപര്യമുണ്ടായിരുന്നില്ല. ഒരു കർഷകൻ ആയതുകൊണ്ടു തന്നെ ആ കുടുംബത്തിന്റെ സാമ്പത്തികസ്ഥിതി വളരെ കുറവ് ആയിരുന്നു. എങ്കിലും തന്റെ മകൾ നല്ല സ്കൂളിൽ പഠിക്കണമെന്നതിനാൽ അവളെ ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളിലാണ് ചേർത്തിരിക്കുന്നത്. അവിടെയുള്ള കുട്ടികൾ എല്ലാം വലിയ പണക്കാരുടെ മക്കളാണ്. അതുകൊണ്ടുതന്നെ ഒരു കർഷകന്റെ മകളാണെന്ന അപമാനവും പരിഹാസങ്ങളും അവളെ നിരന്തരം പിന്തുടർന്നു കൊണ്ടിരുന്നു. അവൾ അതിനെക്കുറിച്ചോർത്ത് പൊട്ടിക്കരഞ്ഞുകൊണ്ടിരുന്നു. അവളെ ആശ്വസിപ്പിക്കാനായി അവൾക്ക് ഒരു കൂട്ടുകാരി മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവളുടെ സങ്കടങ്ങളും പ്രശ്നങ്ങളും മ

നസ്സിലാക്കി സഹായിക്കാൻ. എന്തെങ്കിലും ആവശ്യ ത്തിനായി സ്കൂളിൽ പൈസകൊണ്ടുവരാൻ പറയു മ്പോൾ അവൾക്ക് അധ്യാപകരിൽ നിന്നുപോലും അ പമാനങ്ങൾ സഹിക്കേണ്ടി വന്നു. എങ്കിലും അവളുടെ മനസ്സറിഞ്ഞ ഒരു അധ്യാപിക ഉണ്ടായിരുന്നു. അവളു ടെ വിദ്യാഭ്യാസത്തിനാവശ്യമായ പൈസ അധ്യാപി ക അവൾക്ക് നൽകുമായിരുന്നു. അവൾ പഠനം കഴി ഞ്ഞ് വീട്ടിലെത്തിയശേഷം ട്യൂഷൻ പഠിക്കാൻ ആയി പോവാൻ തുടങ്ങി. അങ്ങനെ അവൾ പഠനം പൂർത്തി യാക്കിയശേഷം തുണി വാങ്ങി കൊണ്ടുവന്ന് തയ്ക്കാൻ തുടങ്ങി. അതിലൂടെ അവൾ കുറച്ചുകുറച്ചായി പണം സ മ്പാദിക്കാൻ തുടങ്ങി അതുപയോഗിച്ച് അവളൊരു തു ണിക്കട നിർമിച്ചു. അവളുടെ കുടുംബം അവളോടൊപ്പം ഉണ്ടായിരുന്നു. അങ്ങനെ അവളുടെ തുണിക്കട വളരാ ൻ തുടങ്ങി. ചെറിയ തുണിക്കടയിൽ നിന്ന് അവൾ ഒരു വലിയ കമ്പനി തന്നെ നിർമിച്ചെടുത്തു. കീഴിൽ നിറ യെ ജോലിക്കാരുള്ള ഒരു വലിയസ്ഥാപനം. അവൾ ആ സ്ഥാപനത്തിന്റെ സി.ഇ.ഒ ആയി. അവളെ അന്ന്

കളിയാക്കിയവർ പോലും അവളുടെ കീഴിൽ ജോലി ചെയ്യാൻ തുടങ്ങി. അച്ഛനോടുള്ള ആദരസൂചകമായി ആറ് സംസ്ഥാനങ്ങളിലായി അവൾ തുടങ്ങിയ ഓരോ കമ്പനികൾക്കും അച്ഛന്റെ പേരു തന്നെയാണ് അവൾ ഇട്ടത്. ആരാലും അറിയപ്പെടാതിരുന്ന ആ സാധു കർഷകൻ അങ്ങനെ തന്റെ മകൾ മൂലം ലോകം അറിയുന്നവനായിമാറി.പരിശ്രമവും പ്രത്യാശയും ആണ് വിജയത്തിന്റെ ആധാരം എന്ന് അവളുടെ ജീവിതം നമുക്ക് പറഞ്ഞുതരുന്നു.



സഞ്ജന.പി

IX- ഇ

# മാനം തെളിഞ്ഞേ

മാനം കറുത്തപ്പോൾ
രാത്രിയായി,
മാനം വെളുത്തപ്പോൾ
പകലുമായി,
മാനം ഇരുണ്ടപ്പോൾ
മഴയുമായി,
മാനം തെളിഞ്ഞപ്പോൾ
വെയിലുമായി....



ജെസ്ന.എ.ആർ
IX- ഇ

# പ്രകൃതിയാം അമ്മ

അമ്മയായ പ്രകൃതിയുടെ സ്നേഹത്തിന്റെ വേരുകൾക്കിടയിൽ ഒളിച്ചുകളിക്കെ, പച്ചിലകൾക്കിട യിൽ നുഴഞ്ഞുനീങ്ങുന്ന പച്ചപ്പുഴുക്കളെപ്പോലെ അവൾ ഓർത്തു. അമ്മ പറയാറുണ്ട് പ്രകൃതി അമ്മയാണെന്ന്. അപ്പോൾ എന്റെ അമ്മയെപ്പോലെ മനോഹരിയാണ് പ്രകൃതി. ആ ഭംഗിയാർന്ന പ്രകൃതിയെ നശിപ്പിക്കുന്നത് എന്റെ അമ്മയുടെ സ്നേഹത്തിന്റെ വേരുകൾ എന്നിൽ നിന്ന് പറിച്ചെടുക്കുന്നതിന് തുല്യമല്ലേ? നേരം അന്തി. സൂര്യന്റെ ശോഭ പ്രകൃതിയെ ആകെ തലോടി. വീടിന്റെ മുറ്റംപോലെ വിശാലമായി കിടക്കുന്ന വാനവും അതി ലൂടെ ഓടിക്കളിക്കുന്ന കുട്ടികളായ പക്ഷികളും (അവളു ടെ മനസ്സിലെ ആ ഉപമ) അവളെ ഒരു കവിയത്രിയാ ക്കി. അമ്മ മരിച്ചതോടെ ജീവിതത്തിന്റെ വൈതരണ[2] ഘട്ടത്തിൽ അവൾ മുങ്ങിപ്പോയി. പിന്നീട് അവളെ പി ടിച്ചുണർത്താനായി ഉണ്ടായിരുന്നത് പ്രകൃതിയായിരു ന്നു. പ്രകൃതി സ്വന്തം അമ്മയാണെന്ന വിശ്വാസം,അ

2 ദുർഘടഘട്ടം

മ്മയെപ്പോലെ മനോഹരിയാണെന്ന വിശ്വാസം. അതിനാൽ അമ്മ എന്നും എന്റെ കൂടെയുണ്ടെന്ന വിശ്വാസം. അവളുടെ കവിതയിലെ തുടക്കം ഇങ്ങനെയായിരുന്നു.

“പ്രകൃതിയാം അമ്മ,സുന്ദരിയാം അമ്മ". എന്നെങ്കിലും സ്വന്തം അമ്മയെ ഒന്നു കാണണമെന്നു തോന്നിയാൽ അവൾ ജനാലയിലൂടെ നോക്കുന്നത് പ്രകൃതിയെയായിരിക്കും. അവളുടെ മനസ്സിലും കവിതയിലും ജീവിതത്തിലും മണ്ണിൽനിന്നും പറിച്ചെടുക്കാനാവാത്ത ഒരു വൃക്ഷമായി മാറി പ്രകൃതി. ജീവിതത്തിന്റെ അവസാനഘട്ടത്തിലും അവളുടെ മനസ്സിൽ പ്രകൃതിതന്നെയായിരുന്നു.



അനുശ്രീ.പി.വി

IX- ബി

# സ്വപ്നങ്ങൾ

കവിഞ്ഞൊഴുകുന്ന

പുഴ പോലെയാണെന്റെ സ്വപ്നങ്ങൾ

നക്ഷത്രത്തിന്റെ നെറുകയിൽ

തലോടുന്നതുപോലെ

മനസ്സിന്റെ മലഞ്ചെരുവുകളിലൂടെ

ഇരമ്പികുത്തിയൊഴുകുമീ സ്വപ്നങ്ങൾ

തളിർത്തു നിൽക്കുന്ന പൂന്തോട്ടത്തേക്കാൾ

സുന്ദരമാണെന്നറിയുമ്പോഴും

നക്ഷത്രക്കൂട്ടത്തിനേക്കാളും വിതുമ്പുന്ന പുഴയ്ക്കും

എന്റടുക്കൽ പറയാൻ നേരമേറെയുണ്ടായിരുന്നിട്ടും

കാതോർക്കാതെ വഴിമാറി നടന്നതെന്തിനോ?

ഇനിയൊരിക്കൽ ഞാൻ ചെന്നെത്തും

പുഴയ്ക്കും നക്ഷത്രത്തിനുമരികിൽ.

കാണാനും കേൾക്കാനും

ഒരുപാട് രഹസ്യങ്ങൾ......



അമൃത.കെ

X- എഫ്

# സമയം-മനുഷ്യ ജിവിതത്തിൽ

ഓരോ പുലരിയും സന്തോഷത്തിന്റെയും, സമാധാനത്തിന്റെയും വെള്ളിവെളിച്ചം വിതറി...പക്ഷെ ഓരോ ദിവസവും കടന്നു പോവുകയാണ്, എല്ലാവർക്കും ചെയ്യാൻ പല കാര്യങ്ങൾ... ഓരോ മിനിറ്റും കടന്ന് പോവുകയാണ്...ഒരിക്കലെങ്കിലും നാം ചിന്തിക്കണം എന്താണ് സമയം? ഒരു സായാഹ്നത്തോടെ അവസാനിക്കുകയില്ല. സമയം ഒരിക്കലും നിൽക്കുന്നില്ല. ഒരു ഘടികാരത്തിലെ ബാറ്ററി തീർന്നാൽ അത് ചലിക്കുകയില്ല. ഓരോ ദിവസവും ,ഓരോ മിനിറ്റും ഓരോ സെക്കന്റും കടന്നു പോകുന്നു. നാം തിരക്കിലാണ് ജോലിയിൽ, അടുക്കളയിൽ, സ്കൂളിൽ. ഓരോ സമയത്തെ പറ്റി ചിന്തിക്കാൻ പോലും ആർക്കും നേരമില്ല... എല്ലാവർക്കും വയസ്സ് കൂടും ചിലർ മരിക്കും ചിലർ ജനിക്കും. മരണവും ജനനവുമായി നേരം കടന്നു പോകും. പഴയ ഓർമകൾ നമ്മിൽ നിന്ന് നശിക്കാം. പുതിയ ഓർമകളും

ചിന്തകളും നമ്മേ കീഴടക്കാം. പല നല്ല വ്യക്തികളെയും കാര്യങ്ങളെയും നാം മറക്കാൻ നിർബന്ധിതരാകും പുതിയ പല കാര്യങ്ങളും ലോകത്തിൽ സംഭവിക്കാം. ശാസ്ത്ര പുരോഗതികൾ ഉണ്ടാകാം. ഓരോ പൂവും കൊഴിയും ഓരോ ചെടിയും തളിരിടും, പലസാഹചര്യങ്ങളും തരണം ചെയ്യേണ്ടിവരും, പലപരിഹാസങ്ങളും ഏൽക്കേണ്ടിവരും. അല്ലെങ്കിൽ നമ്മുടെ ജീവൻ നീക്കികൊണ്ടു പോയ നേരത്തോടെ നാം വീണ്ടും പല ദൗത്യങ്ങൾ പൂർത്തിയാക്കാനായി പുനർജനിക്കാം....



അനർഘ–ദാസ്

VII– ഇ

# കറുത്ത വല

കണ്ണീരിൽ നീന്തി തുടിക്കുന്ന
ഇണകളായിരുന്നു നാം
പുഴയിൽ നിന്നറിയാതെ
വിഴുങ്ങുന്ന കടലിൽ
വിഷമായ കടൽ ജാതി-
യെന്നു വലയെറിഞ്ഞു
ഞങ്ങൾക്കായി...ഉയിരിനായി
ഏങ്ങിക്കരഞ്ഞോരൊ നാളുകൾ
കൊന്നു കീഴടക്കി വികാരങ്ങളെ
അവർ കനലായ കടൽ പോലും
തോറ്റു നിൽക്കുന്നു പ്രണയമായ്
വികാരം നിറച്ച ഞങ്ങൾ,
ഇന്ന് അതിജീവനത്തിൻ പാതയിൽ!!!

പ്രജീന.എസ്
X- ഡി



# ത്യാഗവിളക്ക്

പത്തുമാസത്തിൻ ഉറക്കത്തിനു ശേഷം ആദ്യമായി അവൾ മിഴികൾ തുറന്നു. മൊട്ടായിരുന്ന അവൾ പതിയെ പതിയെ മലരായി. ഇരുട്ടിൽ പതുങ്ങിയിരിക്കുന്ന മനുഷ്യമൃഗങ്ങളെ ഭയന്ന് അവൾ ഒരു അറയിൽ ഒളിച്ചു. കളിച്ചും ചിരിച്ചും നടക്കേണ്ട പ്രായത്തിൽ പിതാവിന്റെ വാക്കുകളെ ബഹുമാനിച്ച് അവൾ വീട്ടിൽ ഒതുങ്ങി. ചെടിയാകും മുമ്പേ അവളെ വേരോടെ പറിച്ച് മറ്റൊരിടത്ത് നട്ടു. ആ പുതിയ മണ്ണ് തനിക്ക് യോജിച്ചതല്ല എന്നറിഞ്ഞിട്ടും അവൾ അവിടെ കഴിഞ്ഞു കൂടി. അവളുടെ വലിയ ലോകം ഒരു അടുക്കളയായിചുരുങ്ങി. തളിർത്ത് വളരേണ്ട അവളെ കല്യാണം എന്ന ചൂടു വെള്ളം ഒഴിച്ച് തകർത്തു. തന്റെ ആഗ്രഹങ്ങൾക്കൊന്നും ഒരു വിലയും ഇല്ലെന്ന് മനസ്സിലാക്കിയ അവൾ ഭർത്താവിന്റെ സന്തോഷത്തിനായി വേലക്കാരിയെപ്പോലെ ജീവിച്ചു. കുഞ്ഞു ചെടിയായ അവൾ പുതിയൊരു ആൺ- മൊട്ടിന് ജന്മം നൽകി. മകന്റേയും പേരക്കിടാങ്ങളുടേയും സന്തോഷത്തിനായി വിശ്രമം ഇല്ലാതെ ഓടുകയായിരുന്നു. അവൾ വൃദ്ധയായപ്പോൾ മക്കൾക്കൊരു

ശല്യമായി. പിതാവിനു വേണ്ടിയും ഭർത്താവിനുവേണ്ടിയും മകനു വേണ്ടിയും അവൾ ജീവിതം തീർത്തു. പടുവൃദ്ധയായ അവൾ ഈ വിശാലമായ ലോകത്ത് തന്റെ മാഞ്ഞു പോയ സ്വന്തം ജിവിതത്തെ കണ്ടെത്താനുള്ള തിരക്കിലാണ്. മരണക്കിടക്കയിൽ അവൾ തന്റെ ജിവിതത്തെ ഒന്ന് തിരിഞ്ഞു നോക്കി.പിന്നിട്ട വഴികളിലെ ആരവങ്ങളും ആഘോഷങ്ങളും കെട്ടടങ്ങിയിരിക്കുന്നു. രോഗാതുരമായ തന്റെ ശരീരമിന്ന് മറ്റുള്ളവർക്ക് ഭാരമാകുന്നതവളറിഞ്ഞു. ഇനി എന്റെ ആഗ്രഹങ്ങൾക്ക് എന്ത് പ്രസക്തിയാണല്ലേ? ഈ ചിന്തയിൽ മുഴുകവേ ആ അമ്മ വിളക്ക് താനെ അണഞ്ഞു......



വിസ്മയ.ജി

IX– ഇ

# നിലാവ്

നിലാവിന്റെ ഭംഗി കണ്ട്
എന്റെ ഹൃദയം തുടുത്തു
ഇരുട്ടിന്റെ സൗന്ദര്യത്തിൽ
കണ്ണുകളെ പിൻവലിക്കാൻ
കഴിയാത്ത വിധം,
നിലാവ് പ്രണയത്തെ
ഭൂമിയിലേക്ക് ഒഴുക്കിവിടുന്നു
എന്താണിന്നീ നിലാവിനിത്ര
നിലാവ്.....



കീർത്തന ബാലൻ
IX- എ

# പ്രളയത്തിൽ നിന്നും ഉണർന്നു വന്ന എന്റെ കേരളം

ജലത്തിൽ ജീവനെ പൊതിയുന്ന
ജീവനെ കണ്ടു ഞാൻ പ്രളയത്തിൽ
കാറ്റും മഴയും അന്നു വീശി എന്നാൽ
കൈപിടിച്ചുണരുന്നു എന്റെ ഈ ലോകം
ആ ലോകത്തെ മനുഷ്യരെ അന്നു ഞാൻ കണ്ടു
സ്നേഹമുള്ള മനുഷ്യരെ അന്നു ഞാൻ കണ്ടു
കാറ്റും  മഴയും ഇല്ലാത്ത ദിവസമില്ല
കണ്ണീരും കരച്ചിലും ഇല്ലാത്ത ദിവസമില്ല
എന്നാൽ ലോകമെന്നൊരു ജീവനെ പൊതിയുന്ന
ജീവനെ അന്നു ഞാൻ കണ്ടു കണ്ണ് കൊണ്ടു ഞാൻ
കണ്ടു മനസ്സിൽ നിന്നു മായാത്ത കാഴ്ചകൾ
ഞാൻ കണ്ടു എന്നാൽ
നമ്മൾ എന്നും ഒന്നുതന്നെ.



ആർദ്ര.എസ്
IX- ബി

# യൂണിഫോം-ആൺകുട്ടികളും പെൺകുട്ടികളും

'യൂണിഫോം'– ഒരു കൂട്ടം ആളുകളെ തിരിച്ചറിയാനുള്ള വസ്ത്രരീതി. സ്കൂളുകളിലും കോളേജുകളിലും ഓഫീസു കളിലും യൂണിഫോമുണ്ട് വിവിധരീതിയിലും നിറത്തിലും ഉള്ളവ. ഓരോ വിദ്യാലയങ്ങളെയും അവരുടെ യൂണിഫോം നോക്കിയാണ് തിരിച്ചറിയുക. പണ്ടുകാലം മുതൽ തന്നെ യൂണിഫോം സമ്പ്രദായം നിലനിന്നുവരുന്നുണ്ട്. വർണ്ണവർഗവ്യത്യാസങ്ങളൊന്നുമില്ലാതെ ഏതു ജാതിയിലും മതത്തിലുമുള്ളവർ സ്കൂളിലേക്കും ഓഫീസിലേക്കും പോകുമ്പോൾ യൂണിഫോം ധരിക്കാറുണ്ട്. ഇവ കൊണ്ട് ആരെയും പെട്ടെന്ന് തിരിച്ചറിയാം.യൂണിഫോം ധരിക്കുന്നതിൽ പലവിധമാനദണ്ഡങ്ങളുണ്ട്. വൃത്തിയായും ചിട്ടയായും ഇവ ധരിക്കണം. ഓരോ വിദ്യാലയങ്ങളെ അനുസരിച്ച് ഇതിൽ മാറ്റം വരും. സ്കൂൾ യൂണിഫോമിനോടൊപ്പം അതിന്റേതായ മുടികെട്ടൽ രീതികളും, ആഭരണരീതികളുമുണ്ട്. യൂണിഫോം എന്നത് എല്ലാ വിദ്യാലയങ്ങളിലും നിർബ്ബന്ധമായ ഒന്നാണ്.

ഒരു വിദ്യാലയത്തിൽ യൂണിഫോം ധരിച്ച് വരുന്ന എല്ലാ കുട്ടികളും തുല്യമായ നിറമുള്ള വസ്ത്രങ്ങൾ ധരിക്കുമ്പോൾ ധനികർക്ക് ധാരാളം വസ്ത്രങ്ങൾ ഉണ്ടാകും അവർ അത് മാറിമാറി ധരിക്കുകയും ചെയ്യും എന്നാൽ പാവപ്പെട്ടവർക്ക് അത്രയും വസ്ത്രങ്ങളുണ്ടാവില്ല അവർ ഒരേ വസ്ത്രം മാറിമാറി ധരിക്കേണ്ടിവരും ഇത് അവർക്ക് വളരെ വേദനാജനകമായി മാറും. ഇതിനൊരു പരിഹാരം കൂടിയാണ് യുണിഫോം. എല്ലാവരും യുണിഫോം ധരിക്കുന്നതിലൂടെ ഈ വ്യത്യാസം മാറിപ്പോകും. 'ചുട്ടയിലെ ശീലം ചുടലവരെ ' എന്ന പഴമൊഴി പോലെ യുണിഫോം ചെറുപ്പം മുതൽ ചിട്ടയോടെ ധരിക്കുന്ന ഒരു വിദ്യാർഥിക്ക് തന്റെ ജീവിതത്തിലുടനീളം ചിട്ടയോടെയും ഭംഗിയായും വസ്ത്രം ധരിക്കാൻ സാധിക്കും. കൂടാതെ തന്റെ ഭാവി തലമുറക്കും ആ അറിവുകൾ പകർന്നുനൽകാനും സാധിക്കും. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വ്യത്യസ്തമായ യുണിഫോമാണ്. ആൺകുട്ടികൾ ചെറുപ്രായത്തിൽ ഷർട്ടും ടൗസറും ധരിക്കുന്നു. പിന്നീട് വലുതാവുമ്പോൾ അത് മാറി ഷർട്ടും പാന്റും ആകുന്നു.

അതിനനുസൃതമായി ചെരുപ്പും ധരിക്കണം. മുടി നീട്ടി വളർത്താതെ ഒതുക്കി വയ്ക്കുന്നതാണ് യൂണിഫോമിന്റെ രീതി. എന്നാൽ പെൺകുട്ടികൾക്കാവട്ടെ പാവാടയും ടോപ്പും. അവർ വളരുന്നതിനനുസരിച്ച് അത് പാന്റും കോട്ടുമായും പിന്നീട് ചുരിദാറായും മാറി. പെൺകുട്ടി കളും മുടി വൃത്തിയായി മടക്കി കെട്ടണം. എന്നാൽ ഇന്ന് ഇതിനൊരു മാറ്റം വരുത്തണമെന്ന് ആഗ്ര ഹിക്കുന്നവരുമുണ്ട്. ആൺകുട്ടികെളയും പെൺകുട്ടി കെളയും തുല്യമായികാണുന്ന ഈ കാലഘട്ടത്തിൽ ഇരുകൂട്ടരും ഒരേതരത്തിൽ യൂണിഫോം ധരിക്കണ മെന്ന് പറയുന്നവരുമുണ്ട്. അവരുടെ അഭിപ്രായത്തി ൽ യൂണിഫോം തരംതിരിക്കലിനു തുല്യമാണ്. പണ്ട് പെൺകുട്ടികൾ പാന്റ് ധരിക്കരുത് എന്ന വ്യവസ്ഥക ൾക്കെല്ലാം മാറ്റം വന്നിരിക്കുന്നു. ഇന്ന് ആൺകുട്ടികളും പെൺകുട്ടികളും ഒരേ വസ്ത്രം ധരിച്ച് പുറത്തിറങ്ങാറു ണ്ട്. ആകെയാൽ സ്കൂൾ യൂണിഫോമും ഒരേ പോലെ പാന്റും ഷർട്ടു മാക്കണമെന്ന് വാദിക്കുന്നവരുമുണ്ട്. എന്നാൽ യൂണിഫോമിൽ ഈ സാമ്യത ആവശ്യമില്ലെ

ന്നാണ് എന്റെ അഭിപ്രായം. ആൺകുട്ടികളും പെൺകുട്ടികളും വ്യത്യസ്തമായ യൂണിഫോം ധരിക്കുന്നതാണ് ഔചിത്യപരം ഈ സാമ്യത പലർക്കും ഉൾക്കൊള്ളാൻ പറ്റുന്നതല്ല. അതിനാൽ ഇത്രയുംകാലം നിലനിന്നുവന്ന ഈ വ്യത്യാസതിന് മാറ്റം വരാതിരിക്കുന്നതാണ് നല്ലത്. ചിട്ടയായ യൂണിഫോം രീതി ഓരോ കുട്ടിയുടെയും സ്വഭാവത്തേയും അച്ചടക്കത്തേയും നിർണയിക്കുന്ന ഒന്നാണ്. ഓരോ വിദ്യാർഥിയും യൂണിഫോമിൽ വീഴ്ച്ച വരുത്താതെ ധരിക്കുന്നത് അത്യുത്തമാണ്.



കീർത്തന.ആർ

IX– ഇ

# പഞ്ചാരപപ്പടം

വാനത്തിലെ വട്ടറാന്തലെ....വെളുത്ത മുത്തേ
നിൻ വരവിനായി ഞാൻ എന്നും കാത്തിരിക്കുന്നു
നിൻ പഞ്ചാരനിറഞ്ഞ പുഞ്ചിരിയിൽ വിടരുന്ന
പ്രകാശത്തിൽ ഉല്ലസിക്കുന്നു ഞാൻ ഇന്നും,അന്നും,
എന്നും. മടിയിൽ മാമുണ്ണാൻ ഞാൻ വാശി
പിടിക്കുമ്പോൾ നിയെൻ മാമനായി മാറിയത്
ഇന്നും മാഞ്ഞിട്ടില്ല എൻ മനസ്സിൽ. ഈ കൊട്ടും
ഇരുട്ടിൽ ഒറ്റക്ക് ഞാൻ നീങ്ങുമ്പോൾ, നിയെൻ
പിതാവായി പിന്തുടരുന്നു എനിക്ക് തുണയായി
ആരുമില്ലാത്ത ഈ ലോകത്തിൽ
എനിക്ക് തുണയായി നീ എന്നും വരുലേ...
മായാത്ത മഴവില്ലായി... എന്നും എൻ മനസ്സിൽ
നീ വസിക്കും....



വിസ്മയ.ജി
IX– ഇ

# അമ്മ നാടിൻ സ്വാതന്ത്ര്യം

കത്തിയും ലാത്തിയും തോക്കും ഇല്ലാത്തൊരു
സ്വാതന്ത്ര്യം സ്വപ്നം കണ്ടു നമ്മുടെ ഗാന്ധിജി
അന്നൊരുന്നാൾ...

ബ്രിട്ടീഷുകാരുടെ ചൂഷണങ്ങൾ വെടിയുണ്ടപോലെ
വന്നിടും നാളിൽ...
തളരാതെ പൊരുതി അമ്മ നാടിൻ മക്കളെല്ലാരും
സ്വാതന്ത്ര്യം മാത്രം സ്വപ്നം കണ്ട മഹാത്മാക്കളാൽ
നാം ഇന്ന് അനുഭവിക്കുന്നീ സുഖങ്ങളെല്ലാം

അമ്മ നാടിൻ ഗന്ധം കാത്തുസൂക്ഷിപ്പൂ
സ്വാതന്ത്ര്യത്താൽ മക്കളെല്ലാരും
സ്വാതന്ത്ര്യമില്ലാതിനിയൊരു കാലം
ജീവിപ്പാൻ കഴിവതാർക്കു......

സ്വാതന്ത്ര്യമില്ലാതിനിയൊരു കാലം
ജീവിപ്പാൻ കഴിവതാർക്കു......

സ്വാതന്ത്ര്യത്തിൻ തേൻ നുകരുന്നി വേളയിൽ
നാം സ്മരിച്ചീടുന്നു ധീരമഹാന്മാരെയെല്ലാം
രക്തം ചിന്തി തന്നതാണി സ്വാതന്ത്ര്യം
ജീവത്യാഗം ചെയ്തു നേടിയതാണി സ്വാതന്ത്ര്യം...!



അഞ്ജന.എസ്
IX- ഇ

# ഐടി മേളയിലും,

# ജില്ലാകലോത്സവത്തിലും ജേതാക്കളായ ചെറുപുഷ്പം ഹൈസ്കൂൾ ടീം








# വിലപ്പെട്ട സമയം

സമയത്തോളം വിലപ്പെട്ടതായി നമ്മുടെ ജീവിതത്തിൽ മറ്റൊന്നും തന്നെയില്ല. നാം ഏറ്റവും കൂടുതൽ അവഗണിക്കുന്നതും സമയത്തെ തന്നെ. വിവേകപൂർവം നിക്ഷേപിക്കുന്ന സമയം നല്ല ഫലങ്ങൾ ഉളവാക്കുമെന്നതിന് സംശയം വേണ്ട. ലഭിക്കുന്ന സമയത്തിന്റെ ഓരോനിമിഷവും ബുദ്ധിപൂർവം നല്ല കാര്യങ്ങൾക്കായി വിനയോഗിക്കുന്നവരാണ് ജീവിതത്തിൽ വിജയം നേടുന്നത്. വേഗത്തിൽ പറന്നകലുന്ന സമയത്തെ നമ്മുടെ ഇഷ്ടത്തിനനുസരിച്ച് തിരികെ പിടിക്കാനാവില്ല. പിന്നെയോ അതിനോടൊപ്പം സഞ്ചരിക്കുകമാത്രമാണ് നമുക്ക് ചെയ്യാനാവുന്നത്.

സി.ജെയ്നി
എച്ച്.എസ്.ടി.ഇംഗ്ലീഷ്



# ചിത്രശലഭം

പാറി പറക്കുമാ
ചിത്രശലഭത്തെ അസൂയയോടല്ലാതെ
നോക്കാൻ കഴിയില്ലെനിക്ക്.....
അതിരുകളില്ലാ ആകാശത്തിനു കീഴിൽ
സ്വാതന്ത്ര്യത്തിൽ മാധുര്യമെന്തന്നറിയാതെ
ജീവിക്കുമെനിക്കിന്ന് അവയോടസൂയയല്ലാതെ
മറ്റെന്ത് തോന്നിടാൻ......
ഈ നാലു ചുവരുകൾക്കുള്ളിൽ ഒതുങ്ങീടു-
മെൻ ജീവിതമേ നിന്നെ ഞാൻ
വെറുക്കുന്നു, നിന്നിൽനിന്നുമൊരു
മോചനം ഞാൻ കൊതിക്കുന്നു...



ദേവനന്ദ. പി
IX- ബി

# പാലക്കാട് എന്നുടെ സ്വന്തം നാട്

നെൽപ്പാടങ്ങൾ കാണും നാട്
പാലക്കാട്
പഴമകളുടെ നാടാണത് .
പാലക്കാട്
ടിപ്പുവിൻ കോട്ടയും
ബ്രാഹ്മണർ തൻ അഗ്രഹാ
രങ്ങളും നിറഞ്ഞ നാടാണത്.
പാലക്കാട്
ഇന്ന് ഞാൻ അഭിമാനിക്കു-
ന്നതിൽ തെറ്റില്ലല്ലോ
കാരണമി നാട് പാലക്കാട്
എന്നുടെ സ്വന്തം നാട്
പാലക്കാട് ഓ ഓ ഓ
പാലക്കാട് ......



സ്മിന.എസ്
IX- ഇ

# പ്രതീക്ഷകളാണ് ജീവിതത്തിന്റെ ചാലക ശക്തി

പ്രതീക്ഷയുടെയും അനശ്ചിതത്വങ്ങളുടെയും ഇടയിലുള്ള ഓട്ടപ്പാച്ചിലുകളാണ് ജീവിതം. കയറ്റവും ഇറക്കവും വെളിച്ചവുമെന്ന പോലെ വൈവിധ്യങ്ങളുടെ നൈരന്തര്യ[3]മാണ് ജീവിതത്തിന്റെ പ്രത്യേകത. ഒരു പക്ഷേ ജീവിതത്തിന്റെ സൗന്ദര്യവും അതു തന്നെയാണ്. ഓരോ ദിനങ്ങളും ഓരോ പുനർജന്മങ്ങളാണ്. ഇന്നലെകളുടെ പ്രയാസങ്ങളും നഷ്ടങ്ങളും മറന്ന് ഇന്നിന്റെ സന്തോഷങ്ങളും നേട്ടങ്ങളും ഓർത്ത് നാളെയുടെ പ്രതീക്ഷകളുമായുള്ള പുനർജന്മം. ജീവിതത്തിൽ സങ്കടങ്ങൾ നൽകിയ കാലത്തെ നാം വേഗം മറക്കാൻ ശ്രമിക്കണം. എന്നാൽ അത് നൽകിയ ജീവിത പാഠങ്ങൾ നാം ഒരിക്കലും മറക്കരുത്. പഠിച്ചും പരീക്ഷിച്ചും പകർത്തിയും തിരുത്തിയുമാണ് ജിവിതനൗക നാം മുന്നോട്ട് തുഴയേണ്ടത്. ജീവിതത്തിൽ സന്തോഷം കെടുത്തുന്ന

3 അന്തരമില്ലായ്മ

ചിന്തകളും സാഹചര്യങ്ങളും ഒഴിവാക്കുകയും സ്നേഹത്തിന്റേയും സൗഹൃദത്തിന്റേയും തണലൊരുക്കുകയും ചെയ്യുമ്പോൾ ജീവിതം ഹൃദ്യമാകുമെന്നാണ് പറയപ്പെടുന്നത്. 'ഒന്നിനെക്കുറിച്ചും വിധികൽപ്പിക്കാതിരിക്കുക, നിങ്ങൾ സന്തോഷവാനാകും, എല്ലാത്തിനേയും സ്നേഹിക്കുവാൻ ശീലിക്കുക.നിങ്ങളായിരിക്കും ഏറ്റവും കൂടുതൽ സന്തുഷ്ടർ' എന്ന ചൊല്ല് നമുക്ക് പ്രാവർത്തികമാക്കാവുന്നതാണ്. ആംഗലേയ സാഹിത്യത്തിലെ ശ്രദ്ധേയനായ ജോൺ മിൽട്ടന്റെ വിഖ്യാതമായ 'നഷ്ടപ്പെട്ട പറുദീസ' എന്ന കവിതയിലെ പ്രസിദ്ധമായ വാചകമാണ്, "ഓരോ കാർമേഘത്തിനും ഒരു വെള്ളിവരയുണ്ട്" എന്നത് ഇരുണ്ട മാനവും ഇരുൾ നിറയുന്ന രാത്രിയും ഇലപൊഴിഞ്ഞ മരങ്ങളും അവസാനമല്ലെന്നും അവ ഒരു പുതിയ ആരംഭത്തിന്റെ, പ്രതീക്ഷയുടെ പര്യായമാണെന്നുമാണ് മിൽട്ടൺ തന്റെ ജീവിതാനുഭവങ്ങളിൽ നിന്നും നമ്മോട് പറയുന്നത്. നമുക്ക് നമ്മുടെ സാഹചര്യങ്ങളിൽ നിയന്ത്രണമില്ലാതെ വരുമ്പോഴും സാഹചര്യങ്ങൾ മാറ്റുവാൻ തയ്യാറാവണമെന്ന് വിക്ടർ ഫ്രാങ്ക്ളിൻ പറയുന്നുണ്ട്. ജീവിതം ഒരു റോസ്

പോലെയാണെന്നാണ് പറയുക. കുണ്ടും കുഴിയും ഹമ്പുകളും യൂടേണും സിഗ്നലുകളുമൊക്കെയുണ്ടാകും. എന്തു തന്നെയായാലും ജീവിതം മുന്നോട്ടു പോകും. മിക്കപ്പോഴും അതിൽ നമുക്ക് ചോയ്സുകളുണ്ടാകും ചിലപ്പോഴെങ്കിലും നാം തെറ്റായ ചോയ്സുകളാണ് തെരഞ്ഞെടുക്കുന്നത്. റോബർട്ട് ഫ്രോസ്റ്റിന്റെ 'ദ റോഡ് നോട്ട് ടേക്കൻ' എന്ന പ്രശസ്തമായ കവിത വരച്ചു കാണിക്കുന്നതു പോലെ തെറ്റായ വഴി ജീവിതത്തിലെ എല്ലാ വ്യത്യാസങ്ങൾക്കും കാരണമായതെന്ന് ചില സന്ദർഭങ്ങളിലെങ്കിലും നമ്മൾ പലരും വിലപിക്കാറില്ലേ? അത് ജീവിത യാഥാർത്ഥ്യമാണെന്ന് നാം തിരിച്ചറിയുക. നാം തിരക്കുപിടിച്ച പ്ലാനിംഗിലായിരിക്കുമ്പോഴും ജീവിതം മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു. നമ്മുടെ പ്ലാനിംഗിനുമപ്പുറം വിശാലമായ പ്രാപഞ്ചിക ശക്തിയുടെ ആസൂത്രണവും തീരുമാനവുമാണ് പ്രായോഗികമായി നടക്കുന്നത്. അതിനാൽ ശുഭാപ്തിവിശ്വാസത്തോടെ മുന്നേറുകയെന്നതാണ് അഭികാമ്യം. കാരണം ഭയത്തിന് ചില ദുഷിച്ച ലക്ഷ്യങ്ങളുണ്ട്. അത് നിങ്ങളുടെ സർഗാത്മകതയെ നിയന്ത്രിക്കാനും

നിങ്ങളുടെ സ്വാധീനം പരിമിതപ്പെടുത്താനും ശ്രമിക്കുന്നു. നിങ്ങളുടെ ഭാവനയെ തടവിലാക്കുകയും തെരുവ് കള്ളനെപ്പോലെ നിങ്ങളുടെ അഭിലാഷത്തെ വേട്ടയാടാൻ ശ്രമിക്കുകയും ചെയ്യുന്നു. ജീവിതത്തിലെ തിരിച്ചടികളെ തിരിച്ചറിഞ്ഞ് അവ സരോചിതമായി ഉണർന്ന് പ്രവർത്തിക്കുകയും പ്രതീക്ഷയുടെ തിരിനാളങ്ങൾക്ക് കരുത്ത് പകരുന്ന ചിന്തകളിലൂടെ വിജയത്തിലേക്ക് എത്തുകയും ചെയ്യാം. അതിനായി നമുക്ക് പരിശ്രമിക്കാം. ജീവിതത്തിൽ ഒരുവാക്ക് വിജയിക്കാൻ. പുകഞ്ഞു കൊണ്ടിരിക്കുന്ന തീ ആളിക്കത്തുന്നത് പോലെ ജീവിതം പ്രകാശിച്ചു കൊണ്ടിരിക്കും...........



സി. നിർമൽ റോസ്

എച്ച്.എസ്.ടി. ഹിന്ദി

# എന്റെ മനോഹരമായ പൂന്തോട്ടം

എന്റെ പൂന്തോട്ടത്തിലെ മനോഹരമായ

പൂക്കൾ, പൂമ്പാറ്റകൾ തേൻ

നുകരുന്നിടത്തെല്ലാം മനോഹരമായ സുഗന്ധം

മനസ്സ് നിറയെ സന്തോഷം.

റോസ്,മുല്ല,ഡാലിയ,

സൂര്യനു നേരെ കൈകൾ വീശുന്ന

പക്ഷികൾ അവരുടെ സന്തോഷകരമായ

നിമിഷങ്ങൾ കാണുന്നു......



മിന്നാര.എസ്.എ

IX- ഇ

# ലിറ്റിൽ കൈറ്റ്സ്

## വിവര സാങ്കേതിക വിദ്യയുടെ വിസ്മയ ചിറകിലേറി.....

## വിദ്യാലയത്തിന്റെ നാഡീസ്പന്ദനമായി ലിറ്റിൽ കൈറ്റ്സ്





# കുഞ്ഞിച്ചിറകിലെ സ്വപ്നങ്ങൾ

പ്രകൃതി തൻ വിദ്യാലയത്തിൽ
ഇറങ്ങിച്ചെല്ലുവാനുണ്ടെനിക്കിഷ്ടം
കളകളം പാടി ഒഴുകുന്ന നദിയുടെ
ഹൃദയത്തിലേക്കൊഴുകിയെത്തുവാനും
അതിൽനിന്നും ചാടി വരുന്നോരാ
പൊടിമീൻ നിരകളോടൊപ്പം കൂടാനും
മാമരഛായയിൽ ഒരു നിമിഷം ഇരുന്നിട്ടെൻ
ക്ഷീണം അകറ്റിടാൻ ഞാൻ കൊതിക്കും

ഇളങ്കാറ്റ് വീശുന്ന നേരത്ത് മണ്ണിലായ്
വീഴുന്ന വർണങ്ങളൊക്കെയുമേ
കാണുമ്പോൾ സ്വർണതരികൾതൻ കൂട്ടമായ്
ചിതറുന്നതായി ഞാൻ നിനച്ചുപോകേ
ഒരുവട്ടം കൂടി വീശുക കാറ്റേ
നല്ലിളം കാറ്റേ, കുളിർകാറ്റേ
എൻ മനതാരിലെ സ്വപ്നഭൂവിൽ നി –

ന്നുണർത്തുക എന്നെ നീ ശാന്തമായ്

എൻ കനവതിൽ ഞാൻ തനിയേ
നനച്ചു വളർത്തിയ സങ്കൽപ്പ -
സഞ്ചാരമാണിതെല്ലാം !
തഴുകുക വന്നു നീ എന്നെ മെല്ലെ
എന്നിഷ്ടം സഫലമാക്കീടുവാൻ !



അനുശ്രീ.പി.വി
IX- ബി

# വായനയുടെ പ്രാധാന്യം

അറിവിന് അതിരുകളില്ല. വായന വളരെ നല്ല ശീലമാണ്. മനുഷ്യാനുഭാവങ്ങളുടെയും വിവരങ്ങളുടെയും അടിസ്ഥാനത്തിൽ നമ്മുടെ അറിവിനെ സമ്പുഷ്ടമാക്കുന്നതിന് പുസ്തകങ്ങൾ വായിക്കുന്നത് ഉത്തമമാണ്. വായനയിലൂടെ നമുക്ക് അറിവ് ലഭിക്കും. വ്യത്യസ്തതരത്തിലുള്ള പുസ്തകങ്ങൾ നമുക്ക് വ്യത്യസ്ത വികാരങ്ങൾ നൽകുന്നു. നല്ല പുസ്ത്തകങ്ങൾ വായിക്കുമ്പോൾ നമുക്ക് ആനന്ദം ലഭിക്കും. നിങ്ങളുടെ മനസ്സിനെ സജീവവും ആരോഗ്യകരവുമായി നിലനിർത്തുന്ന ഒരു തരം വ്യായാമമാണ് വായന. അറിവിനുവേണ്ടി മാത്രമല്ല, വ്യക്തിപ്രധാനമാണത്. ഇത് നമ്മുടെ മനസ്സിനെശ്രു പപെടുത്താനുള്ള പോസിറ്റീവ് എനർജി നൽകുന്നു. ഇത് നമ്മുടെ മാനസീകാരോഗ്യം വർദ്ധിപ്പിക്കുന്നു. കഥകൾ വായിക്കുമ്പോൾ അത് ആകാംഷ ജനിപ്പിക്കുന്നു. വൈവിധ്യമാർന്ന പുസ്തകങ്ങൾ വായിക്കുന്നത് നമ്മുടെ പദസമ്പത്ത് വർദ്ധിപ്പിക്കുന്നു. പഠനകാലത്തെ നമ്മുടെ വിജയത്തിനും ഇത് വളരെ പ്രധാനമാണ്. വായന

നമ്മെ ലോകത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് കൊണ്ടു പോകുന്നു. പുസ്തകങ്ങൾ മനുഷ്യന്റെ ഏറ്റവും നല്ല സുഹൃത്തും അറിവിന്റെ നിധിയുമാണ്. വായനശീലം ഒരു മനുഷ്യനെ പൂർണ്ണനാക്കുകയും അറിവിന്റെ വലിയ നിധിയുടെ താക്കോൽ നൽകുകയും ചെയ്യുന്നു.ആധുനിക യുഗത്തിന്റെയും ഡിജിറ്റൽ യുഗത്തിന്റെയും ഇന്നത്തെ ലോകത്ത്, ആളുകൾക്ക് വായിക്കാനായി ഓൺലൈനിൽ ഉറവിടങ്ങൾ എളുപ്പത്തിൽ ആക്സസ് ചെയാം.



ഫിദ ഫാത്തിമ എൻ.എസ്

IX- ഇ

# എന്റെ ഒരു നള്ള് ആകാശം

നീലവിരിച്ച നീലപായേ...

കരുത്തുരുള്ളുന്ന കട്ടുകുമണിയേ...

കുങ്കുമം പൂശിയ കുങ്കുമപൂവേ...

നിന്നെ കാണാൻ എന്തൊരു രസമാ....

കത്തിജ്വലിക്കും സൂര്യനും നിന്നിൽ

മഞ്ഞുപെയ്ത നിലാവും നിന്നിൽ

മിന്നാമിന്നി നക്ഷത്രവും നിന്നിൽ

മിന്നിമായും മിന്നൽ നിന്നിൽ

പുലരി നിന്നിൽ പൂത്തുലയുമ്പോൾ

പുതുതായി നിന്നെ കണികണ്ടു ഞാൻ

എൻ ഹൃദയം നിറഞ്ഞ് കവിഞ്ഞൊഴുകുന്നു

നിന്നെകാണാൻ എന്തൊരു രസമാ....

വിണ്ണിൽ കാണും മണ്ണിൽ കാണും
പുഴക്കണ്ണാടിയിലും നിന്നെ കാണും
പലവർണ്ണങ്ങളിലും കണ്ടു രസിച്ചേൻ
പല ഭാവങ്ങളിലും നിന്നെ കണ്ടേൻ

നിന്നെ വരക്കാൻ ചായങ്ങൾ ഇല്ല
നിന്നെ വർണിക്കാൻ വാക്കുകൾ ഇല്ല
നിന്നെ രസിക്കാൻ കണ്ണുകൾ മാത്രം
എന്റെ ഒരു നള്ള് ആകാശമേ.....



വിസ്മയ.ജി
IX- ഇ

# അമ്മ

ഘടികാരചക്രങ്ങൾ പുലർകാല –

മറിയിച്ച നേരത്തുണർന്നിരുന്നമ്മ...

തുമഞ്ഞു തുള്ളികളെ വെയിൽ കോരി

മാറ്റിയതറിഞ്ഞിരുന്നെന്നുമെൻ അമ്മ

തീകൂട്ടി ചായവച്ചെന്നേയുണർത്തിയ

സ്നേഹസ്വരൂപമാണമ്മ

കുന്നോളമുയരും വിഴുപ്പലക്കി

വിയർത്തൊട്ടിയ ദേഹമാണമ്മ...

അച്ഛൻ വഴക്കടിച്ചകലുമ്പോളും

തേങ്ങിക്കരഞ്ഞിരുന്നമ്മ.....

ഉപ്പില്ല, മുളകില്ല, കറികൾക്ക്

രുചിയില്ല, കേട്ടു സഹിച്ചിരുന്നമ്മ

വിദ്യാലയം കഴിഞ്ഞണയുന്ന

നേരത്തു വാതിൽക്കലെത്തിയോരമ്മ

വയർ നിറച്ചുണ്ണാതെ ഉണ്ണിയെയൂട്ടിയ

നന്മയാണെന്നുമെൻ അമ്മ

ദാരിദ്ര്യദുഃഖത്തെ മാലോകരറിയാതെ

കാത്തൊരു പാലൂട്ടിയമ്മ

ഓടിക്കിതച്ചെത്തി വാടിത്തളർന്നയാ

സമയത്തു പാലൂട്ടിയമ്മ

അമ്മയ്ക്ക് തുല്യമീ അമ്മ മാത്രം

എന്ന് പറയാതെ അറിയിച്ചതമ്മ.



അനഘ.സി.വി

IX- ഇ

# ദാരിദ്ര്യത്തിന്റെ നോവ്

നാമാവശേഷമായി കൊണ്ടിരിക്കുന്ന ആശ്വസമാണ് ചുമട് താങ്ങി. ഗതാഗത സൗകര്യമില്ലാതിരുന്ന കാലത്ത് ദീർഘദൂരം തലച്ചുമടേന്തികാൽ നടയാത്ര ചെയ്യുമ്പോൾ താൽകാലിക ആശ്വാസത്തിനായി വഴിയോരത്ത് കാണുന്ന അത്താണി. മുത്തശ്ശിയുടെ പയം പുരാണങ്ങളിൽ നിന്നാണ് പഴമയിലെ പുതിയ അറിവിന്റെ ഒരേട് തുറന്നു കിട്ടിയതു.

നന്മ നിറഞ്ഞകഴ്ചകൾ ഹരമായിരുന്നു എനിക്ക് ,ഉടനെ ആ സഹായ ഹസ്തം കാണണ മെന്നായി. താമസിച്ചില്ല മുത്തശ്ശിയേയും കുടുബത്തിലെ ഇളം തലമുറയേയും കൂടെ കൂട്ടി ഉൽസാഹത്തോടെനടന്നു.ആൽമരത്തണലിന്റെ കുളിരിൽ ലയിച്ചായി രുന്നു അത്താണിയുടെ നില്പ്പ് മുത്തശ്ശി പറഞ്ഞു കൊണ്ടേ ഇരുന്നു.

ദൂരെ നിന്നേ ആൽമരത്തിന്റെ സാനിദ്ധ്യമില്ലന്നറിഞ്ഞ് മുത്തശ്ശിചുമടുതാങ്ങിയും നശിച്ചു കാണും കുട്ടികളെ എന്നു പറഞ്ഞു .പ്രതീക്ഷ കൈ

വിടാതെ അൽപംകൂടി നടന്ന ഞങ്ങളുടെ കണ്ണു കളിൽ അതാസുന്ദര കുട്ടപനായി അരക്ക മുകളിലേ ക്കുള്ള ഭാഗം മുറിച്ചു മാറ്റിബാക്കി വന്ന സ്ഥലത്ത് ടൈൽസ് വിരിച്ചിരിക്കുന്നു ചുമടു താങ്ങി. ആധുനിക യുഗ ത്തിലും ചുമടുതാങ്ങിക്ക് വിശ്രമമില്ല.ചുമടുകൾക്ക് ഇന്നും ഭാരമേറെ. അഭ്യസ്തവിദ്യരായ തൊഴിലില്ലത്ത ചെറുപ്പ ക്കാരുടെ ആസനങ്ങൾ താങ്ങി അത്താണി ഇന്നും കർ ത്തവ്യ നിർ വ്വഹണത്തിലാണ്.



റോഷ്ന ലിജി ജോയ്

IX- ഡി

# ഗൈഡ്സ്

## നൂതന സാമൂഹികസേവന വഴികൾ പൊതു ജനങ്ങളിലേക്കെത്തിക്കാൻ ഊർജസ്വലരായി പ്രവർത്തിക്കുന്ന ഗൈഡ്സ് ഈ വിദ്യാലയത്തിൽ നിസ്വാർത്ഥ സേവനം കാഴ്ചവയ്ക്കുന്നു






# പുതിയ നിറങ്ങൾ

മേഘങ്ങളെയൊക്കെ ഒരു കമ്പിൽ ചുരുട്ടി
പഞ്ഞിമിട്ടായി പോലെ കഴിക്കണം
ഭംഗിയുള്ള ആകാശത്തിന്റെ
നിറങ്ങളെടുത്ത് കുഞ്ഞുടുപ്പ് തയ്ക്കണം
എന്നിട്ട് എന്റെ സന്തോഷം കൊണ്ട്
നിറമില്ലാതിരിക്കുന്ന ആകാശത്തിന്
പുതിയ നിറങ്ങൾ സമ്മാനിക്കണം.



മിൻഹ.എസ്
IX– എ

# നിന്നിലെ നീയായി

സൗന്ദര്യത്തിന്റെ ആഹ്ലാദമല്ല പ്രണയം
മുഖത്തിന്റെ ചേലല്ല പ്രണയം
അവന്റെ ഹൃദയം നിനക്കാണെന്ന്
അവൻ മൊഴിഞ്ഞാൽ
സ്നേഹക്കടലിന്റെ ആയിരം തിരകൾ
കവർന്ന് അവൻ നിന്നിൽ വന്ന് ചേരും
ഓരോ ദിവസവും നീയെന്ന ശലഭത്തെ
അവൻ കാണുന്നു.
നിന്നെ ശ്വസിച്ച് അവൻ
നീയായ് തീരുന്നു
ഓരോ നിമിഷവും നിൻകാലിടറാതെ
നിൻ നെഞ്ച് പതറാതെ
അവൻ നിന്നെ കാക്കുന്നു.
എക്കാലവും നിന്നിൽ ചേരാൻ
നിൻ നിഴലായ് കൂടെയുണ്ട് .



ദിശ.ദിനേശ്
IX- ഇ

# മലയാളം പഴഞ്ചൊല്ലുകൾ

- ഇരുന്നിട്ടേ കാലു നീട്ടാവൂ.
- അടി തെറ്റിയാൽ ആനയും വീഴും.
- ശ്രദ്ധപൂർവം പ്രവർത്തിച്ചില്ലെങ്കിൽ ഏതു വമ്പനും ആപത്തിൽ പെടും.
- അരിയെറിഞ്ഞാൽ ആയിരം കാക്ക.
- മനസ്സിൽ കാണുമ്പോൾ മാനത്ത് കാണുക.
- പടിക്കലാ പാറ പൊന്നെങ്കിൽ പാതി തേവർക്ക്.
- പയ്യെത്തിന്നാൽ പനയും തിന്നാം.
- പാപി ചെന്നിടം പാതാളം.
- പൂച്ചയ്ക്ക് പൊന്നുരുക്കുന്നിടത്ത് എന്ത് കാര്യം?
- ഇഷ്ടമില്ലാത്തച്ചി തൊട്ടതൊക്കെ കുറ്റം.
- പൊട്ടനെ ചെട്ടി ചതിച്ചാൽ ചെട്ടിയെ ദൈവം ചതിക്കും.



ഫിദ ഫാത്തിമ എൻ.എസ്

IX- ഇ

# കാലം

കുപ്പിയിലടച്ചിട്ട കാലത്തെ നോക്കി
പൂക്കളും പുഴകളും, കാറ്റിനെ കരയിച്ചു.
കുടിലിലെ കുഞ്ഞിന്റെ കാതിലെ പാട്ടുമായ്
കുളിരിനെ തട്ടി വസന്തമെത്തി
അതിൽ മയങ്ങിയങ്ങനെ കാലം,
രണ്ടിതൾ പൂവായ് അവിടെ തളിർത്തു.



മിൻഹ.എസ്
IX- എ




വൈ.ഐ.പി,
സത്യമേവ ജയതെ,
അമ്മ അറിയാൻ....
കൈറ്റ്
മിസ്ട്രസുമാരുടെയും, ലിറ്റിൽ
കൈറ്റംഗങ്ങളുടെയും
നേതൃത്വത്തിൽ നടന്ന
പരിശീലന
പരിപാടികൾ....






# മഴക്കാലം

കുഞ്ഞുതുള്ളി കുളിരിന്റെ കുപ്പായം
നെയ്തു നൽകി
മഴവില്ലുകൊണ്ട് മാല ചാർത്തി
ആകാശത്തെ കാർമേഘങ്ങൾ കൊണ്ട്
കണ്ണെഴുതി

ഇടയ്ക്ക് കുസൃതി കാണിച്ച്
മിന്നലുകൾ ആർത്ത് വിളിച്ച്
കളിച്ചു നടന്നു.
അങ്ങനെ തുള്ളികൾ
സന്തോഷം കൊണ്ട്,
ഭൂമിയിലേക്ക് ചാടി തുടങ്ങി



മിൻഹ.എസ്
IX– എ

# ജൂനിയർ റെഡ് ക്രോസ്സ്

**അതിജീവനവഴികളിൽ തങ്ങളുടെ സാന്നിധ്യം അറിയിച്ചുകൊണ്ട് ജൂനിയർ റെഡ് ക്രോസ്സ് അഥവാ JRC ഈ വിദ്യാലയത്തിൽ സജീവമായി പ്രവർത്തിച്ച് വരുന്നു.**





# കഠിനാധ്വാനം ജീനിതത്തിൽ വിജയം കൈവരിക്കുന്നു

കഠിനാധ്വാനമില്ലാതെ നേട്ടങ്ങൾ അസാധ്യമാണ്. നമ്മുടെ ജീവിതത്തിലെ വിജയത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട താക്കോലാണ് കഠിനാധ്വാനം. കാരണം, ഒരു നിഷ്ക്രിയ വ്യക്തിക്ക് ഒരിക്കലും ഒന്നും നേടാനാവില്ല, അവർ ഇരുന്നുകൊണ്ട് മെച്ചപ്പെട്ട അവസരത്തിനായി കാത്തിരിക്കുകയാണെങ്കിൽ കഠിനാധ്വാനം ചെയ്യുന്ന വ്യക്തിക്ക് ജീവിതത്തിൽ വിജയവും സന്തോഷവും നേടാൻ കഴിയും. കഠിനാധ്വാനം ചെയ്യാതെ ജീവിതത്തിൽ ഒന്നും നേടാൻ എളുപ്പമല്ല. നമ്മുടെ ജീവിതത്തിൽ കഠിനാധ്വാനം കൂടുതലാണെങ്കിൽ ജീവിത ലക്ഷ്യങ്ങൾ നേടിയെടുക്കാൻ കഴിയും. "മുന്നൊരുക്കമാണ് വിജയത്തിന്റെ താക്കോൽ." വിജയം സന്തോഷ ത്തിന്റെ താക്കോലല്ല. സന്തോഷമാണ് വിജയത്തിന്റെ താക്കോൽ. ജീവിതത്തിലെ വിജയത്തിന്റെ 5 താക്കോലുകൾ നിശ്ചയദാർഢ്യം, കഴിവ്, അഭിനിവേശം, അച്ച

ടക്കം, ഭാഗ്യം എന്നിവയാണ്. കഠിനാധ്വാനം ചെയ്തുകൊണ്ട് നിങ്ങൾ മികച്ച ജീവിതം നയിക്കുക. അനുദിന കർത്തവ്യങ്ങൾ നിഷ്ഠയോടെ അനുഷ്ഠിച്ച് ജീവിതം മുമ്പോട്ട് നയിക്കുന്നവർക്ക് വിജയം സുനിശ്ചിതമാണ്. അലസത ഒരുവനെ പിടികൂടിയാൽ വിജയം അപ്രാപ്യമാണെന്ന് മാത്രമല്ല, ലക്ഷ്യത്തിൽ എത്താതെ പോവുകയും ചെയ്യും. അതിനാൽ ജീവിതത്തിൽ നിഷ്ഠയുള്ളവരാകുക. പിന്തിരിപ്പൻ ചിന്തകളെ പിന്തുണയ്ക്കാതിരിക്കുക.



നിവേദ സുരേഷ്

IX- ഇ

# എൻ സ്വപ്നലോകം

സ്വപ്നത്തിൽ വിസ്മയലോകം എത്ര വിശാലം പൂക്കൾ, ശലഭങ്ങൾ, പുഴകൾ, കിളികൾ, നക്ഷത്രങ്ങൾ എത്രയെത്ര വസ്തുക്കൾ സ്വപ്നക്കൂടിനുള്ളിൽ ഒളിഞ്ഞിരിപ്പൂ. മഴത്തുള്ളികൾ രാഗം തീർത്തിടും നനവൂറും തണുത്ത രാത്രികൾ പുതപ്പിനുള്ളിൽ ചുരുണ്ടുകൂടികിടക്കും എന്നെ തഴുകി തലോടി കടന്നുപോകുമെൻ സ്വപ്നത്തിൻ വിരലുകൾ, സ്വപ്നത്തിൻ അദ്ധ്യായം എൻ മുന്നിൽ തുറന്നീടും വിശാലമാം ലോകത്തിൻ രാത്രിയുടെ മനോഹാരിത  വർദ്ധിപ്പിക്കും നക്ഷത്രത്തിനു സമം ഞാൻ, പൂവിൽ മധുനുകരും ചിത്രശലഭത്തിനു സമം ഞാൻ, നനവൂറും ഈറൻ കാറ്റും എൻ സ്വപ്നത്തിൽ ആയിരം ആയിരം ചിറകുകൾ വിടർത്തി പാറി പരന്നീടുന്നു. സ്വപ്നത്തിൻ വിസ്മയലോകം എത്ര വിശാലം വാചാലമാം സ്വപ്നലോകം എൻ മുന്നിൽ വീണ്ടും വീണ്ടും തുറക്കപ്പെടുന്നു.



ദേവനന്ദ.പി

IX- ബി

# രാത്രി

നക്ഷത്രങ്ങളെ
ആകാശത്ത്
പതിച്ച് വെച്ച്
നിലാവിനെ
ഇരുളിലേക്ക്
ഒഴുക്കിയും
മിഴികളിൽ
പൂക്കൾ വിടരും
രാവിൽ,അവൾ
ഇരുളിന്റെ മണമുള്ള
കിനാവുകളെ
പടർത്തി വിട്ടു.



മിൻഹ.എസ്
IX- എ

# ഫലിതങ്ങൾ

*  ഒരിക്കൽ തോമസ് തന്റെ സുഹൃത്തിനോട് അവന്റെ കമ്പ്യൂട്ടറിലെ 'മൈ കമ്പ്യൂട്ടർ' ഓപ്പൺ ചെയ്യുവാൻ പറഞ്ഞു അപ്പോൾ സുഹൃത്ത് തിരിച്ചുചോദിച്ചു:എന്റെ കമ്പ്യൂട്ടറിൽ എങ്ങനെയാണ്? നിങ്ങളുടെ കമ്പ്യൂട്ടർ ഉണ്ടാവുക???

*  ഒരു ദിവസം രാഹുൽ തന്റെ കമ്പ്യൂട്ടർ തുറന്ന് നോക്കിയപ്പോൾ, കീബോർഡിലെ ഒരു സ്വിച്ച് കാൺമാനില്ല. അത് Escape (Esc) സ്വിച്ച് ആയിരുന്നു!!!

*  A B C D ശരിയായ ഓർഡറിൽ അറിയാത്ത ഒരു വലിയ മണ്ടനാണ് നാം ഉപയോഗിക്കുന്ന "കമ്പ്യൂട്ടർ കീബോർഡ്"



അനർഘ .ദാസ്

VII– ഇ

# ഭൂതകാലം

ഒന്നു തിരിഞ്ഞു നോക്കാം
പക്ഷെ തിരിച്ചെത്താൻ പറ്റില്ല
അതെന്നെ നോക്കി പൊട്ടിച്ചിരിക്കും
തൊടാൻ പറ്റാത്തത്ര ഓടിയകലും
അവസാനം,എന്നെ ചോദ്യങ്ങളുടെ
ഇരുട്ടിലാക്കി ഒളിച്ചിരിക്കും
കണ്ണുകളെ കുഴപ്പത്തിലാക്കും വിധം
കുസൃതി കാണിച്ചുകൊണ്ടിരിക്കും
ദുഃഖങ്ങളും സന്തോഷങ്ങളും
വഴിയിൽ ചവറുപോലെ ചിതറികിടക്കും
അവയുടെ ഗന്ധം കൂടിച്ചേർന്ന്
എന്നിലേക്കടുക്കാൻ ശ്രമിക്കുമ്പോൾ
കാറ്റ് യാഥാർത്ഥ്യത്തിന്റെ
മതില് പണിയും എങ്കിലും അവ ഒരു
നേർത്ത തണുപ്പായ് എന്നെ പുൽകാനെത്തും



മിൻഹ.എസ്
IX- എ

# ബാൻഡ് സെറ്റ്





# കുസൃതി ചോദ്യങ്ങൾ

- ഒരിക്കലും പറക്കാത്ത കിളി ?- ഇക്കിളി
- ഒരിക്കലും കഴിക്കാത്ത മാവ് ?- ആത്മാവ്
- ഒരിക്കലും ഒടിയാത്ത വില്ല് ?- മഴവില്ല്
- മധുരമുള്ള കര ?- ചക്കര
- മധുരമുള്ള കണ്ടം ?- കൽകണ്ടം



ശിശിര.എസ്
IX- ഇ

# കമ്പ്യൂട്ടർ എന്ന ബുദ്ധിമാൻ

ചാൾസ് ബാബേജിന്റെ സൃഷ്ടി
നിങ്ങളുടെ സ്വന്തം കമ്പ്യൂട്ടർ
ആദ്യം ഞാൻ ഒരു മണ്ടച്ചാർ
ബുദ്ധിമാൻമാർ എന്നെ പഠിപ്പിച്ചു
കൂടുതൽ അറിവുകൾ ശേഖരിച്ചു
ഇന്ന് മറ്റുള്ളവരെ ഞാൻ പഠിപ്പിക്കുന്നു
ഇപ്പോൾ ഞാനാണ് ബുദ്ധിമാൻ.



അനർഘ-ദാസ്
VIIi- ഇ

# വഴിവിളക്ക്

ഉള്ളിൽപഴയകവിത-
തന്നീരടിത്തെല്ലപോൽ
നിൻ ചിരികാത്തുവച്ച
എത്രദശാബ്ദങ്ങൾ
പിന്നിട്ടുപോയ് നമ്മളെത്ര-
പണ്ടേ തമ്മിൽ വേർപിരിഞ്ഞു
എങ്കിലുമിന്നും നടന്നുപോകെ
കൺകളന്ധിയിരുട്ടിലുഴ്ലീടവേ...
ഒന്നുമേകാണകവയ്യ,കഴൽ[4]
കുഴഞ്ഞെങ്ങോ വഴിതെറ്റി
നിന്നുപോകെ,
അച്ചെറുപുഞ്ചിരി വീണ്ടും...
ഞാൻ ദിക്കറിയുന്നു...
നടന്നിടുന്നു...!




ഷീജ റോബർട്ട്
(ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്)
എച്ച്.എസ്.ടി.ഇംഗ്ലീഷ്

4 അഴി/കാൽ

# വരകൾ....വർണങ്ങൾ



ഭൂമിക.ബി
IX– എ



ദിശ.ദിനേശ്
IX– ഇ



മിൻഹ.എസ്
IX– എ



ദേവനന്ദ.പി
IX– ബി



അശ്വതി.ബി

VIII - സി




നിവേദ്യ.വി

VIII– ഡി



ദേവനന്ദ.പി

IX– ബി



രിജിഷ

IX– ഡി



അനർഘ.ദാസ്
VIII – ഇ



ആയിഷ.എ
IX– ഇ



അഞ്ജന.എസ്
IX– ഇ



ശിശിര.എസ്
IX– ഇ

# നിറമനസ്സോടെ....

'നീഹാരം' –ഒന്നായിതീരുന്ന സ്നേഹത്തിന്റെ പ്രതീകാണനത്. പുലരിവെയിലിന്റെ തീക്ഷ്ണത വരെ ജീവിക്കുന്ന 'നീഹാര'ത്തെക്കുറിച്ച് മനനം ചെയ്യുമ്പോൾ സ്വന്തം അസ്തിത്വത്തെക്കുറിച്ചുപൊലും ചിന്തിക്കാതെ താൻ സ്നേഹിക്കുന്നവർക്കുവേണ്ടി അത് അലിഞ്ഞില്ലാതാകുന്നു...സുതാര്യമായ 'നീഹാര'ബിന്ദുക്കളെ തൊട്ടുതലോടി കടന്നു പോകുമ്പോൾ സപ്തവർണ്ണങ്ങൾ ചാലിച്ചെഴുതിയ മഴവില്ലാകാൻ നിങ്ങൾക്കു സാധിക്കട്ടെ...!






ചെറുപുഷ്പം ജി എച്ച് എസ് എസ്
വടക്കഞ്ചേരി പാലക്കാട്, പിൻ:678683